LIBRARY ARCHIVES Kerala Legislative Assembly

സത്രം ഭൂമി പതിവ് നിർദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണ്. 8-7-2009-ലെ റവന്യൂ വകുപ്പിൽ നിന്നുമുള്ള കത്ത് പ്രകാരം മേൽപ്പടി ഭൂമി കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി സംരക്ഷിക്കുന്നതിനായി ലാന്റ് ബാങ്കിലുൾപ്പെടുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശത്തിനുശേഷം സത്രം ഭൂമിക്ക് ഭൂനികുതി ഈടാക്കൽ മേൽപ്പടി സാമ്പത്തിക വർഷം മുതൽ നിർത്തി വച്ചിട്ടുള്ളതാണ്. മേൽപ്പടി ഭൂമിയുടെ ഒരു ഭാഗം മഞ്ചേരി പാണ്ടിക്കാട് റോഡ് വികസനത്തിന് പൊന്നും വിലയ്ക്കെടുത്ത നടപടിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP (C) 29902/15 നമ്പരായി വ്യവഹാരം നിലനിൽക്കുന്നതുമാണ്. ഈ വിഷയത്തിൽ സത്രം ഭൂമിയുടെ കൈവശക്കാർ റവന്യൂ അദാലത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് ലാന്റ് റവന്യൂ കമ്മീഷണറുടെ പരിശോധനയിലാണ്. ഇങ്ങനെയാണ് റിപ്പോർട്ട് വന്നിട്ടുള്ളതെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതനുസരിച്ച് ഇക്കാര്യങ്ങൾ പരിശോധന നടത്തുന്നതിനുവേണ്ടി ഒരു മീറ്റിംഗ് വിളിച്ചുചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

6. വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ കോഴ്സ് ആരംഭിക്കൽ

ശ്രീ. എ. കെ. ബാലൻ: സർ, സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ മികച്ച സ്ഥാപനമായ NTTF (Nettur Technical Training Foundation)-ഉം പട്ടികജാതി വികസന വകുപ്പും സംയുക്തമായി ആരംഭിച്ച സ്ഥാപനമാണ് എന്റെ മണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ്. 2012-ലാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ ഇതിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചത്. ഞാൻ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിലായിരുന്നു ഇതിന്റെ ഔപചാരികമായ തീരുമാനമുണ്ടായത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് Certificate Programme in Precision Machinist (CPPM) എന്ന കോഴ്സാണ് ഇപ്പോൾ നടത്തുന്നത്. ആധുനിക വ്യവസായശാലകളിലെ യന്ത്രസാമഗ്രികളും മറ്റ് ഉപകരണങ്ങളും പ്രവർത്തിപ്പിക്കുന്നതിനുള്ള അറിവും പ്രാവീണ്യവും നൽകുന്നതാണ് ഈ കോഴ്സ്. 20 പേർക്കാണ് പ്രവേശനം. കഴിഞ്ഞ മൂന്ന് വർഷവും പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികൾക്കും കർണ്ണാടകയിലും തമിഴ്നാട്ടിലും ജോലികിട്ടി. 20,000-25,000 രൂപ ശമ്പളമാണ് തുടക്കത്തിൽ ലഭിക്കുന്നത്. നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമില്ലാത്തതുകൊണ്ട് കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. 185 സെന്റ് സ്ഥലം പട്ടികജാതി വികസന വകുപ്പിന് കൈമാറുന്നതിന് റവന്യൂ വകുപ്പും ഇപ്പോൾ തയ്യാറായിട്ടുണ്ട്. എന്നാൽ പരിശീലനം നൽകുന്ന ഇൻകുബേറ്റിംഗ് ഏജൻസിയായ NTTF-ഉം സർക്കാരുമുണ്ടാക്കിയിട്ടുള്ള MoU-ന്റെ കാലാവധി 2015 ആഗസ്റ്റിൽ അവസാനിച്ചു പുതിയ MoU അംഗീകരിക്കാത്തതിനാൽ ജൂണിൽ തുടങ്ങേണ്ട ക്ലാസ് ഇതുവരെ

ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. നൂറോളം കുട്ടികൾ അപേക്ഷ നൽകി കാത്തിരിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു സ്ഥാപനം കേരളത്തിൽ വേറെയില്ല. വളരെ സാധ്യതയുള്ള സ്ഥാപനമാണിത്. അതുകൊണ്ട് MoU പുതുക്കുന്നതിനുള്ള നിർദ്ദേശം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സർക്കാരിന് നൽകിയിരുന്നു. 5 പ്രാവശ്യം റിമൈൻഡറും കൊടുത്തിരുന്നു. എന്നിട്ടും ഇതുവരെയും ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. പാവപ്പെട്ട പട്ടികജാതി വിഭാഗത്തിലുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനവും പ്ലേസ്മെന്റും ലഭിക്കുന്ന പട്ടികജാതി വികസന വകുപ്പിന്റെ സംസ്ഥാനത്തെ ഏക കമ്മ്യൂണിറ്റി കോളേജാണിത്. അതുകൊണ്ട് ഇൻകുബേറ്റിംഗ് ഏജൻസിയുമായുള്ള MoU പുതുക്കാനും ഈ വർഷത്തെ പരിശീലനം ആരംഭിക്കാനും ബഹുമാനപ്പെട്ട മന്ത്രി നടപടിയെടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അനുകൂല മറുപടിയുണ്ടാകുമെന്ന പ്രതീക്ഷയോടുകൂടി സബ്മിഷൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒരു കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് 12-5-2011-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 12-12-2011-ലെ ഉത്തരവ് പ്രകാരം ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF)-ന് ഇൻകുബേറ്റിംഗ് ഏജൻസിയായി നിശ്ചയിച്ച് മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി. വിവിധ ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. കമ്മ്യൂണിറ്റി കോളേജിന്റെ പ്രവർത്തനസ്ഥിരത കൈവരിക്കുന്ന മുറയ്ക്ക് NTTF-നെ മെന്റർ ഏജൻസിയായി തുടരാൻ അനുവദിച്ച് കമ്മ്യൂണിറ്റി കോളേജിന്റെ തുടർപ്രവർത്തനങ്ങൾ പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്ത് നടത്തണമെന്ന കാര്യവും ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇപ്രകാരം പാലക്കാട് ജില്ലയിലെ തൃശ്ശൂർ നിയോജക മണ്ഡലത്തിലെ വടക്കാഞ്ചേരിയിൽ പ്രവർത്തനമാരംഭിച്ച കമ്മ്യൂണിറ്റി കോളേജ് നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏകദേശം കണ്ടെത്തിക്കഴിഞ്ഞു. അതോടൊപ്പം തന്നെ അവിടെ കെട്ടിട നിർമ്മാണവും ഉടൻ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. കമ്മ്യൂണിറ്റി കോളേജിന്റെ നടത്തിപ്പ് സർക്കാർ NTTF-മായി ഒപ്പിട്ടിട്ടുള്ള ധാരണപ്രകാരമാണ് നടന്നിരുന്നത്. മൂന്നുവർഷത്തെ ധാരണാപത്രമാണ് ഉണ്ടായിരുന്നത്. ചില കാരണങ്ങൾ കൊണ്ട് അത് പുതുക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഈയൊരു സ്ഥാപനത്തിന്റെ കാര്യത്തിൽ, NTTF-മായുള്ള ധാരണാപത്രം പുതുക്കിക്കൊണ്ട് അവിടെ ആവശ്യമായ കുട്ടികളെ പഠിപ്പിക്കുവാനുള്ള നടപടി ഈ വർഷം തന്നെയുണ്ടാകുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly